പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1006 08.01.2014 -ൽ മറുപടിയ്ക്ക്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ വിവാഹ ധനസഹായം എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ; ഏത് മാസം മുതലാണ് കുടിശ്ശികയുള്ളത്; ആലപ്പുഴ ജില്ലയിൽ എത്ര അപേക്ഷകർക്ക് വിവാഹ ധനസഹായം നൽകുവാനുണ്ട്; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം നൽകുന്നതിലേക്കായി 31.10.2013 വരെ 4571.15 ലക്ഷം രൂപ കുടിശ്ശികയുണ്ട്. 9/2012 മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. ആലപ്പുഴ ജില്ലയിൽ ഇനിയും 23 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു |

| നിയോജകമണ്ഡലം | എണ്ണം |
|---|---|
| അരൂർ | 5 |
| മാവേലിക്കര | 9 |
| ചെങ്ങന്നൂർ | 4 |

| | |
|---|---|
| ആലപ്പുഴ | 2 |
| അമ്പലപ്പുഴ- | 1 |
| ചേർത്തല | 1 |
| കായംകുളം | 1 |

| | | | |
|---|---|---|---|
| (ബി) | എസ്.സി - എസ്.ടി വിദ്യാർത്ഥി കളുടെ സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ് എന്നിവ എത്ര നാളുകളായി കുടിശ്ശികയുണ്ട്; എത്ര തുകയാണ് വിതരണം ചെയ്യാനുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | എസ്.സി - എസ്.ടി വിദ്യാർത്ഥി കളുടെ സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ് എന്നിവ ഇ-ഗ്രാന്റ്സ് വഴി വിതരണം ചെയ്യുന്നതിന് ലഭിച്ച ക്ലെയിം സ്റ്റേറ്റ്മെന്റുകളിൽ കുടിശ്ശികയൊന്നും നിലവിലില്ല. |

Rashmi
സെക്ഷൻ ഓഫീസർ.